# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ T 1988 — 14.07.2011-ൽ മറുപടിക്ക്

## അപകടകരമായ വസ്തുക്കൾ വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി | |
| എ) | 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 336 എ പ്രകാരം അപകടകരമായ വസ്തുക്കൾ വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങളുടെ ഗതാഗതം രാത്രി എട്ടുമണിക്കുശേഷവും രാവിലെ എട്ടുമണിക്ക് മുമ്പും മാത്രമേ ആകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | എന്നാൽ ഈ നിബന്ധനയ്ക്ക് വിരുദ്ധമായി പാചക വാതക ടാങ്കർ ലോറികൾ സദാസമയവും സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | മലപ്പുറത്തെ വട്ടപ്പാറ, പാലച്ചിറമാട് എന്നിവിടങ്ങളിലടക്കം പലയിടങ്ങളും ദേശീയ പാതയിൽ ഇത്തരം ടാങ്കർ ലോറികൾ സ്ഥിരം അപകടത്തിൽപ്പെടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| ഡി) | ഇത് ദേശീയ പാതയിൽ മണിക്കൂറുകളോളം ഗതാഗത | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

കണക്കം സമീപവാസികളിൽ അപകടഭീഷണി സൃഷ്ടിക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ഇ) ടാങ്കർ ലോറികൾ മറിഞ്ഞ് വാതക ചോർച്ചയുണ്ടായാൽ പ്രസ്തുത വാതകം മറ്റ് ടാങ്കർ ലോറികളിലേക്ക് മാറ്റുന്നതിന് സംസ്ഥാനത്ത് ഇപ്പോൾ എന്ത് സംവിധാനമാണുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(ഇ) വാതക ചോർച്ചയുണ്ടായാൽ പ്രസ്തുത വാതകം മറ്റ് ടാങ്കർ ലോറികളിലേക്ക് മാറ്റുന്നതിനുള്ള സംവിധാനം അതാത് ഇന്ധന കമ്പനികൾക്കാണുള്ളത്. ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് കൊച്ചി കേന്ദ്രമായും ഭാരത് പെട്രോളിയം കോർപ്പറേഷന് കോയമ്പത്തൂർ കേന്ദ്രമായും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് മംഗലാപുരം കേന്ദ്രമായും എമർജൻസി റെസ്പോൺസ് വെഹിക്കിൾ (ERV) സൗകര്യം നിലവിലുണ്ട്.

(എഫ്) ടാങ്കർ ലോറികളുടെ ഗതാഗത സമയം, അവയിൽ നിന്ന് വാതക ചോർച്ചയുണ്ടായാൽ സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങൾ ഉറപ്പുവരുത്താനാണ് ഉദ്ദേശിക്കുന്നത്?

(എഫ്) ടാങ്കർ ലോറികൾ എല്ലാം തന്നെ മോട്ടോർ വാഹന വകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഓയിൽ കമ്പനികൾ ഉറപ്പുവരുത്തുന്നുണ്ട്. ടാങ്കർ ലോറി പ്രവർത്തിപ്പിക്കുന്നവർ അത്യാഹിതം ഉണ്ടായാൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പരിശീലനം സിദ്ധിച്ചവരാണ്. അടിയന്തിരഘട്ടത്തിൽ സ്വീകരിക്കേണ്ട നടപടി നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള "ട്രാൻസ്പോർട്ട് എമർജൻസി കാർഡ്" ട്രക്കുകളിൽ ലഭ്യമാണ്. കൂടാതെ വിവിധ പോലീസ് സ്റ്റേഷനുകളിലും ഫയർസ്റ്റേഷനുകളിലും എൽ.പി.ജി അപകടങ്ങൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് നിർദ്ദേശങ്ങൾ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതിന് പുറമെ തിരഞ്ഞെടുക്കപ്പെട്ട പോലീസ്, ഫയർ സർവ്വീസ് ഉദ്യോഗസ്ഥർക്ക് എൽ.പി.ജി. അപകടം തരണം ചെയ്യുന്നതിനുള്ള പരിശീലനം ഓയിൽ കമ്പനികൾ നൽകിയിട്ടുണ്ട്. വാതകം ചോർച്ചയുണ്ടായാൽ നിയന്ത്രിക്കുന്നതിനുള്ള ഓൺവൽ വാതക വിതരണ കമ്പനികൾക്കാണ്. എടുക്കേണ്ട നടപടികൾ,

അറിയിക്കേണ്ട ഫോൺ നമ്പരുകൾ എന്നിവയും മോട്ടോർ വാഹന ചട്ടം അനുസരിച്ച് വാതക വിതരണ കമ്പനികൾ ആണ് തയ്യാറാക്കേണ്ടത്. മാത്രമല്ല രാസപദാർത്ഥങ്ങൾ കയറ്റി കൊണ്ടു പോകുന്ന വാഹനങ്ങളിൽ എടുക്കേണ്ട മുൻകരുതലുകൾ കേന്ദ്ര മോട്ടോർ വാഹന ചട്ടം 129 മുതൽ 137 വരെ പ്രതിപാദിച്ചിട്ടുണ്ട്. ഇവ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ മോട്ടോർ വാഹന വകുപ്പ് എല്ലാ ഉദ്യോഗസ്ഥൻമാർക്കും കർശനമായ നിർദ്ദേശം ഇതിനകം തന്നെ നൽകിയിട്ടുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ